ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1500069 കെയ്സ്

(ഡി) സംസ്ഥാനത്ത് വിറ്റ വ്യാജമദ്യത്തിന്റെ കണക്ക് ലഭ്യമല്ല.

(ഇ) സംസ്ഥാനത്ത് വിറ്റ വ്യാജ മദ്യത്തിന്റെ കണക്ക് ലഭ്യമല്ലാത്തതിനാൽ അതുൾപ്പെട്ട പ്രതിശീർഷമദ്യ ഉപഭോഗത്തിന്റെ അളവ് എത്രയെന്ന് കണക്കാക്കാൻ കഴിയുകയില്ല.

(എഫ്) കെ.എസ്.ബി.സി.യുടെ വെയർ ഹൗസുകൾ വഴി 1998-99-ൽ 1113.32 കോടി രൂപയുടെ മദ്യം വിറ്റിട്ടുണ്ട്.

(ജി) കണക്കാക്കുക പ്രായോഗികമല്ല.

പുതിയ ബാർ ലൈസൻസ്

57 (1880)പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം; ആർക്കെല്ലാം; എവിടെയെല്ലാമാണ് നൽകിയത്;

(ബി) പുതിയതായി ഇനിയും ബാർ ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഡിസ്റ്റിലറികൾക്ക് അനുമതി നൽകിയിട്ടുണ്ട്; എവിടെയെല്ലാം; ആർക്കെല്ലാം ആണ് നൽകിയത്;

(ഡി) പ്രസ്തുത ഡിസ്റ്റിലറികളിൽ ഏതെല്ലാം വിദേശമദ്യങ്ങൾ ഉല്പാദിപ്പിക്കുന്നു;

(ഇ) 1995-96, 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ വിദേശമദ്യ വിൽപ്പനയിൽനിന്നും സെയിൽസ് ടാക്സ് ഇനത്തിൽ ഖജനാവിൽ എത്ര കോടി രൂപയുടെ വരുമാനം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 14 എണ്ണം വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) നിലവിലുള്ള നിയമപ്രകാരം അപേക്ഷകന് യോഗ്യതയുണ്ടെങ്കിൽ ലൈസൻസ് നൽകുന്നതാണ്.

(സി) പാലക്കാട് അൺകെമിക്കൽസിന് ഇൻഡസ്ട്രിയിൽ ആൾക്കഹോൾ നിർമ്മിക്കുന്നതിന് സർക്കാർ 29.7.96-ൽ അനുമതി നൽകുകയുണ്ടായി.

---

† അനുബന്ധം IV

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇതിനാവശ്യമായ ലൈസൻസ് എക്സൈസ് കമ്മീഷണർ നൽകിയിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) വിദേശമദ്യവിൽപ്പനയിൽ നിന്ന് സെയിൽടാക്സ് ഇനത്തിൽ ലഭിച്ച വരുമാനത്തിന്റെ കണക്ക് താഴെകൊടുക്കുന്നു.

(രൂപ കോടികണക്കിൽ)

1995-96	1996-97	1997-98	1998-99
169.99	317.89	420.25	468.43

തൃശ്ശൂർ ജില്ലയിലെ പുതിയ ബാറുകൾ

58 (1881) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ പുതിയതായി എത്ര ബാറുകൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ ബാറുകൾക്ക് എന്നാണ് ലൈസൻസ് നൽകിയിട്ടുള്ളത്; ആരുടെ പേരിൽ;

(സി) നിലവിൽ പ്രവർത്തിക്കാതിരിക്കുന്ന ബാറുകൾ വീണ്ടും ആരംഭിക്കുന്നതിന് ലൈസൻസ് പുതുക്കിക്കൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) വീണ്ടും ലൈസൻസ് പുതുക്കി നൽകിയതിലൂടെ ഓരോ ബാറിൽനിന്ന് സർക്കാരിനു ലഭിച്ചിട്ടുള്ള വരുമാനം എത്ര; ഇതിന്റെ കണക്ക് വ്യക്തമാക്കുമോ;

(ഇ) ലൈസൻസ് പുതുക്കിക്കൊടുത്തിട്ടും ആരംഭിച്ചിട്ടില്ലാത്ത ബാറുകൾ ജില്ലയിൽ ഉണ്ടോ; പുതുക്കാത്തവ ഏതെല്ലാം?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ പുതിയ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ മുടങ്ങിക്കിടന്ന താഴെപ്പറയുന്ന 4 ബാറുകൾക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബാർലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്.

1. പോളക്കുളത്ത് ടൂറിസ്റ്റ് ഹോം- കൊടുങ്ങല്ലൂർ
2. എം.ആർ. ടൂറിസ്റ്റ് ഹോം- വെള്ളാങ്ങല്ലൂർ, തൃശ്ശൂർ
3. സിന്ധുബാർ- കൊടുങ്ങല്ലൂർ
4. ഹോട്ടൽ അമരാവതി, (ഗോൾഡൻ ബീച്ച്), -ചാവക്കാട്

(ബി) വിശദവിവരം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.†

(സി) 31.3.98-ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒ.പി നമ്പർ 663/98 ന്റെയും അനുബന്ധ കേസുകളിലേയും പൊതു ജഡ്ജ്മെന്റ് പ്രകാരം മുടങ്ങിക്കിടക്കുന്ന ബാറുകൾ കാലാവധി കണക്കാക്കാതെ തന്നെ

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

12. എം.പി. ഡിസ്റ്റിലറി, പാലക്കാട്
13. എലൈറ്റ് ഡിസ്റ്റിലറീസ് ആന്റ് ബിവറേജസ്, തൃശൂർ
14. യുണൈറ്റഡ് ഡിസ്റ്റിലറി, കോഴിക്കോട്
15. കെ.എസ്. ഡിസ്റ്റിലറി, കണ്ണൂർ

അനുബന്ധം VI

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 57 (1880)-ാം നമ്പർ ചോദ്യം ദയവായി കാണുക

1. ഹോട്ടൽ ചാണക്യ, ഉള്ളൂർ, ശ്രീമതി ചിത്രാ രമേശ്
2. ഹോട്ടൽ താജ് ഗാർഡൻ, വർക്കല, ജി.എം. ടാജ് ഗാർഡൻ.
3. മാരാരി ബീച്ച്, മാരാരിക്കുളം, ആലപ്പുഴ, ഡൊമിനിക്, എം.ഡി.
4. ടാജ് റിട്രീറ്റ്, കുമരകം മനോജ് മാത്യു, മാനേജർ
5. കോക്കനട്ട് ലഗൂൺ, കുമരകം - സിദ്ധാർത്ഥ ഡൊമനിക്,
6. ടാജ് റിട്രീറ്റ് ഗാർഡൻസ്, തേക്കടി, ഡി. ഡൊമനിക്, ജനറൽ മാനേജർ
7. സ്പൈസസ് വില്ലേജ്, തേക്കടി, മൈക്കിൾ ഡൊമിനിക്, എക്സിക്യൂട്ടീവ് ഓഫീസർ
8. ഹോട്ടൽ അവശ്യ റീജന്റ് - എറണാകുളം ഒ.റ്റി. അലക്സാണ്ടർ
9. ടാജ് റെസിഡൻസ്, കോഴിക്കോട്, - അരവിന്ദ് കൈമൾ ജി.എം.കെ. റ്റി.സി. ഹോട്ടൽ, ലിമിറ്റഡ്.
10. മലബാർ പാലസ്, കോഴിക്കോട് - പി.എം. ഉതുപ്പ്, മാനേജിംഗ് പാർട്ട്നർ
11. ഹോട്ടൽ സൗത്ത് പാർക്ക് തിരുവനന്തപുരം ജി. മോഹൻദാസ്, മാനേജിംഗ് ഡയറക്ടർ, ഹോട്ടൽസൗത്ത് പാർക്ക്, തിരുവനന്തപുരം.
12. ലക്ഷ്മി ബാർ, പാരിപ്പള്ളി, കൊല്ലം.
13. ഹിമബാർ, നീണ്ടകര, കൊല്ലം.
14. ദി റിനയസൻസ്, പാലാരിവട്ടം, കൊച്ചി, കൃഷ്ണദാസ്, കൃഷ്ണലാൽ, മാനേജിംഗ് പാർട്ണർ, ദി റിനയസൻസ്, കൊച്ചി

അനുബന്ധം VII (a)

8.3.2000-ലെ നക്ഷത്രചിഹ്നമിടാത്ത 58 (1881)-ാം നമ്പർ ചോദ്യം ദയവായി കാണുക

(ബി) 1. പോളക്കുളത്ത് ടൂറിസ്റ്റുഹോം

എക്സൈസ് കമ്മീഷണറുടെ 17.12.1999-ലെ എക്സ് സി6. 25071/99 നമ്പർ ഉത്തരവിൻപ്രകാരം ശ്രീ. പി.കെ. നാരായണൻ പ്രൊപ്രൈറ്റർ, പോളക്കുളത്തു ടൂറിസ്റ്റുഹോം, കൊടുങ്ങല്ലൂർ എന്ന പേരിൽ നൽകി.

(2) എം.ആർ. ടൂറിസ്റ്റ് ഹോം

എക്സൈസ് കമ്മീഷണറുടെ 21.12.1999-ലെ എക്സ് സി6.10138/98 ആർ.ഡിസ് ഉത്തരവിൻ പ്രകാരം ശ്രീ. കെ.കെ. ജോസ്, മാനേജിംഗ് പാർട്നർ, എം.ആർ. ടൂറിസ്റ്റ് ഹോം വെള്ളങ്ങല്ലൂർ എന്ന പേരിൽ നൽകി.

(3) സിന്ധുബാർ, കൊടുങ്ങല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly